പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1977 26-10-2026-ൽ മറുപടിയ്ക്ക്

സന്തോഷത്തോടെ പഠിക്കാം ക്യാംപെയ്ൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിനും സന്തോഷകരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി സന്തോഷത്തോടെ പഠിക്കാം എന്ന പേരിൽ സംസ്ഥാനവ്യാപക ബോധവൽക്കരണ ക്യാംപെയ്ൻ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: ഒക്ടോബർ 10 ലോക മാനസികാരോഗ്യ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി, മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും മാനസികാരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനുമായി സ്കൂൾ തലത്തിൽ ഒരു ക്യാമ്പയിൻ വിഭാവനം ചെയ്യുകയും ഇതിന്റെ ഭാഗമായി, സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസവും സന്തോഷകരമായ പഠനാന്തരീക്ഷവും പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക, മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുക, ആവശ്യമുള്ളവർക്ക് വിദഗ്ധ ചികിത്സ നൽകുക, മാനസികാരോഗ്യ സംബന്ധമായ അവബോധം വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒക്ടോബർ 12 മുതൽ 17 വരെ സർക്കാർ "സന്തോഷത്തോടെ പഠിക്കാം" സംസ്ഥാനതല ക്യാമ്പയിൻ നടത്തുകയുണ്ടായി.

(ബി) പഠനസമ്മർദ്ദം, പരീക്ഷാഭയം, ഉത്കണ്ഠ, ഒറ്റപ്പെടൽ തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ നേരത്തെ തിരിച്ചറിഞ്ഞ് കൗൺസിലിംഗും മാനസികാരോഗ്യ പിന്തുണയും തുടർപരിചരണവും ലഭ്യമാക്കുന്നതിനാണോ ഈ ക്യാംപെയ്ൻ സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: വിദ്യാർത്ഥികളിൽ പോസിറ്റീവ് മെന്റൽ ഹെൽത്ത് ശീലങ്ങൾ വളർത്തുക, മാനസികാരോഗ്യപ്രശ്നങ്ങളുടെ പ്രാരംഭലക്ഷണങ്ങൾ മനസ്സിലാക്കുക, ആവശ്യമായ ബോധവൽക്കരണവും പ്രാഥമിക പിന്തുണയും നൽകുക, കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത, എന്നീ പ്രയാസങ്ങളെ നേരത്തെ തന്നെ കണ്ടെത്തുക, വിദഗ്ധ സഹായം ആവശ്യമുള്ള കുട്ടികളെ വിദഗ്ധ സേവനങ്ങളിലേക്ക് റഫർ ചെയ്യുക, ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും തമ്മിലുള്ള ഏകോപനം ഉറപ്പാക്കുക എന്നീ വിഷയങ്ങളിൽ ക്യാമ്പയിൻ ഊന്നൽ നൽകുന്നു. വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണം, വൈകാരിക ക്ഷേമം, പഠനാന്തരീക്ഷത്തിലെ സന്തോഷവും സുരക്ഷിതത്വവും എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തേ

കണ്ടെത്തി ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിനും “സന്തോഷത്തോടെ പഠിക്കാം” ക്യാമ്പയിൻ സഹായിക്കുന്നു.

(സി) സൈക്യാട്രിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മാനസികാരോഗ്യ വിദഗ്ധർ, കൗൺസിലർമാർ തുടങ്ങിയവരുടെ സേവനം ഈ ക്യാംപെയ്നിൽ പ്രയോജനപ്പെടുത്തുമോ; വിശദമാക്കാമോ?

<u>മറുപടി:</u> ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സൈക്യാട്രിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മാനസികാരോഗ്യ വിദഗ്ധർ, കൗൺസിലർമാർ തുടങ്ങിയവരുടെ സേവനം ക്യാമ്പയിനായി പരമാവധി പ്രയോജനപ്പെടുത്താനായിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ മാനസികാരോഗ്യ പരിപാടി, ജില്ലാ ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ ഏകോപനത്തോടെ സ്കൂളുകളിൽ ആവശ്യമായ വിദഗ്ധ സേവനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി. ഭിന്നശേഷി വിദ്യാർത്ഥികളുടെ പ്രത്യേക മാനസികാരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് അവർക്ക് അനുയോജ്യമായ മാനസികാരോഗ്യ പിന്തുണ, കൗൺസലിംഗ്, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകളും അപമാനബോധവും കുറയ്ക്കുന്നതിനായി വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു .

സെക്ഷൻ ഓഫീസർ